# നമ്മുടെ ജീവിതത്തിനു വേണ്ടിയുള്ള ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറുന്നത്

സാക് പുന്നൻ

WFTW 11 ജനുവരി 2015

"എങ്കിലും എനിക്കു ലാഭമായിരുന്നതൊക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതം എന്നെണ്ണിയിരിക്കുന്നു. അത്രയുമല്ല എന്റെ കർത്താവായ ക്രിസ്തുയേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ ഇപ്പോഴും എല്ലാം ചേതം എന്ന് എണ്ണുന്നു. ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല ക്രിസ്തുവിങ്കലുള്ള വിശ്വാസം മൂലം ദൈവം വിശ്വസിക്കുന്നവർക്കു നൽകുന്ന നീതി തന്നെ ലഭിച്ച് അവനിൽ ഇരിക്കേണ്ടതിനും അവന്റെ മരണത്തോട് അനുരൂപപ്പെട്ടിട്ട് അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അനുഭവിച്ചറിയേണ്ടതിനും ഇങ്ങനെ വല്ല വിധേനയും മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനം പ്രാപിക്കേണം എന്നു വച്ചും ഞാൻ അവന്റെ നിമിത്തം എല്ലാം ഉപേക്ഷിച്ചു ചവറ് എന്ന് എണ്ണുന്നു. ലഭിച്ചു കഴിഞ്ഞു എന്നോ, തികഞ്ഞവനായി എന്നോ അല്ല. ഞാൻ ക്രിസ്തുയേശുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് എനിക്കും പിടിക്കാമോ എന്നു വച്ചു പിന്തുടരുന്നതേയുള്ളു. സഹോദരന്മാരേ, ഞാൻ പിടിച്ചിരിക്കുന്നു എന്നു നിരൂപിക്കുന്നില്ല. ഒന്നു ഞാൻ ചെയ്യുന്നു പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന് ആഞ്ഞുംകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്കു ഓടുന്നു" (ഫിലി. 3:714).

ഈ വാക്കുകൾ, ക്രിസ്തീയ പാതയിൽ ഓട്ടം ആരംഭിച്ച ഉത്സാഹഭരിതനായ ഒരു യുവാവിനാൽ എഴുതപ്പെട്ടവയല്ല. തന്റെ സമ്പന്നവും, നിറവുള്ളതുമായ ഒരു ജീവിതത്തിന്റെ അവസനത്തിലേക്കു നീങ്ങുന്ന പക്വതയുള്ള ഒരു ക്രിസ്ത്യാനിയുടെ സാക്ഷ്യമാണ് ഇത്. പൌലൊസിന്റെ മാനസാന്തരം നടന്നിട്ട് 30 വർഷം കഴിഞ്ഞു. ആ വർഷങ്ങളിൽ, അത്ഭുതങ്ങളാലും അടയാളങ്ങളാലും അദ്ദേഹത്തിന്റെ ശുശ്രൂഷയ്ക്കു ശക്തമായി സാക്ഷ്യം നിന്നുകൊണ്ട് ദൈവം അദ്ദേഹത്തെ അനേകം സഭകൾ സ്ഥാപിക്കുന്നതിന് ഉപയോഗിച്ചു. തുടക്കം മുതൽ പരിമിതിയില്ലാതെ സുവിശേഷത്തിന്റെ വേല ചെയ്യുന്നതിൽ പൌലൊസ് തന്നെത്തന്നെ ചെലവഴിച്ചു. അതിനുവേണ്ടി നിരന്തരമായി യാത്ര ചെയ്യുകയും വലിയ കഷ്ടപ്പാടുകൾ സഹിക്കുകയും ചെയ്തു. തന്റെ കർത്താവിന്റെ സാദൃശ്യത്തിൽ വളരുംതോറും അദ്ദേഹം, പാപത്തിന്മേലുള്ള വിജയത്തിന്റെ യാഥാർത്ഥ്യം അറിയാനിടയായിട്ടുണ്ട്. കൂടാതെ തന്റെ അനേക സന്തോഷങ്ങൾക്കിടയിൽ അദ്ദേഹത്തിന് താൻ എഴുതിയിട്ടുള്ളതുപോലെ, ആത്മീയ സത്യത്തിന്റെ അസാമാന്യമായ വെളിപ്പാടുകൾ പ്രാപിക്കുവാൻ, മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ട ഒരനുഭവവും ഉണ്ടായിട്ടുണ്ട്.

എന്നിട്ടും ഇതിന്റെ എല്ലാം അവസാനം, അദ്ദേഹം പറയുന്നത്, തന്റെ ജീവിതത്തിനുവേണ്ടി ദൈവം ഉദ്ദേശിച്ചിട്ടുള്ള എല്ലാ കാര്യങ്ങളും ഇതുവരെ താൻ പ്രാപിച്ചിട്ടില്ല എന്നാണ്. ഇവിടെ എല്ലാ കാലത്തുമുള്ള മഹാന്മാരായ ക്രിസ്ത്യാനികളിൽ ഒരാളായവൻ തന്റ ജീവിതത്തിന്റെ അവസാനത്തോടടുത്ത സമയത്തു പറയുകയാണ് തനിക്ക് ഇപ്പോഴും ആ ലക്ഷ്യത്തിലേക്ക് ആയേണ്ട ആവശ്യമുണ്ട് എന്ന്. അത്ഭുതമെന്നു പറയട്ടെ, അധികം വിശ്വാസികൾക്കും വീണ്ടും ജനനത്തോടെ രക്ഷ ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്നു. തന്നെയുമല്ല അത് ദൈവീക ന്യായവിധിയിൽ നിന്നുള്ള രക്ഷപെടൽ ഉറപ്പാക്കുകയും ചെയ്യുന്നു. എന്നാൽ ഈ അപ്പൊസ്തലന് അങ്ങനെ അല്ലായിരുന്നു, അദ്ദേഹത്തെപ്പോലെ ഒരു യഥാർത്ഥ ശിഷ്യനായിരിക്കാൻ പരിശ്രമിക്കുന്ന ആർക്കും തന്നെ അത് അങ്ങനെ അല്ലായിരുന്നു. ഇവിടെ ഈ വേദഭാഗത്ത്, കർത്താവ് തന്നെ പിടിച്ചിരിക്കുന്നത് ഒരു ഉദ്ദേശ്യത്തോടു കൂടിയാണ് എന്ന് അദ്ദേഹത്തിന്റെ ഉറച്ച വിശ്വാസം താൻ പ്രഖ്യാപിക്കുന്നു. അതിനു പകരമായി അദ്ദേഹം, ആ ഉദ്ദേശ്യത്തെ, എന്തു വില കൊടുത്തും, മുറുകെ പിടിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. രക്ഷിക്കപ്പെടുന്ന സമയത്ത് കർത്താവ് നമ്മെ മുറുകെ പിടിക്കുമ്പോൾ, അതു നമ്മുടെ ആത്മാക്കളെ നരകാഗ്നിയിൽ നിന്നു രക്ഷിച്ചു സ്വർഗ്ഗത്തിലാക്കാൻ വേണ്ടി മാത്രമുള്ള ഒരു കാര്യത്തിനേക്കാൾ വളരെ വളരെ അപ്പുറത്തേക്കു നീങ്ങിയിരിക്കുന്ന ഒരു ഉദ്ദേശത്തോടു കൂടെയാണ്. അപ്പൊസ് തലനായ പൌലൊസിനെപ്പോലെ ഇത്ര പക്വമതിയായ ഒരു മനുഷ്യൻ തന്റെ 30 വർഷത്തെ അക്ഷീണ ക്രിസ്

തീയ സേവനത്തിനു ശേഷം, ഇപ്പോഴും താൻ ദൈവത്തിനു തന്റെ ജീവിതത്തിനുവേണ്ടിയുള്ള ഉദ്ദേശ്യം എല്ലാം നേടിയിട്ടില്ല എന്നാൽ ഇപ്പോഴും അതു നിറവേറ്റേണ്ടതിനായി താൻ പ്രയത്നിക്കേണ്ടിയിരിക്കുന്നു എന്നു പറയേണ്ടി വന്നെങ്കിൽ, ആ ഉദ്ദേശ്യം എത്ര ബൃഹത്തായ ഒരു കാര്യമായിരിക്കണം.

ഈ വേദഭാഗത്തിൽ പൌലൊസ് കുറെക്കൂടി മുന്നോട്ടു പോകുന്നു. ദൈവത്തിന്റെ ഉദ്ദേശ്യത്തെ മനസ്സിലാക്കുന്നതും അതിനെ നിറവേറ്റുന്നതുമായ പരമമായ ലക്ഷ്യത്തോട് താരതമ്യം ചെയ്യുമ്പോൾ ലോകം വിലയുള്ളതെന്നു കരുതുന്നതെല്ലാം അദ്ദേഹത്തിനു ചപ്പും ചവറുമാണ്. ലോകത്തിലുള്ളതെല്ലാം ഇതിനുവേണ്ടി ഉപേക്ഷിക്കുവാൻ തക്കവണ്ണം വിലയുള്ളതാണ് അതെന്ന് അദ്ദേഹം കരുതുന്നു (ഫിലി. 3:14). നാം ചുറ്റും നോക്കുമ്പോൾ വിശ്വാസികൾ ലൗകീക സമ്പത്തിനായി ആഗ്രഹിക്കുകയും, ഭൗതീക വസ്തുക്കളോട് പറ്റിച്ചേർന്നിരിക്കുകയും, ദൈവീക കാര്യങ്ങളെക്കാൾ അവരുടെ ജീവിതങ്ങളിൽ ഇവയ്ക്കു ഒരു വലിയ സ്ഥാനം നൽകുകയും ചെയ്യുന്നതു കാണുമ്പോൾ അവരുടെ ക്രിസ്തീയത പൌലൊസിന്റേതിൽ നിന്ന് വളരെ മാറിയിരിക്കുന്നു എന്ന നിഗമനത്തിലെത്തിച്ചേരാൻ നാം നിർബന്ധിതരാകുന്നു.

രക്ഷയെക്കുറിച്ച്, നരകാഗ്നിയിൽ നിന്ന് രക്ഷപ്പെടാനുള്ള ഒരു ഇൻഷ്വറൻസ് പോളിസിയായി മാത്രം ചിന്തിക്കുന്നത് ആത്മീയ ശൈശവത്തിന്റെ ഒരടയാളമാണ്. നാം ആത്മീയമായി പക്വതയുള്ളവരാകുമ്പോൾ, ദൈവം നമ്മെ രക്ഷിച്ചിരിക്കുന്നത് ഓരോ ദിവസവും അവിടുന്ന് നമുക്കുവേണ്ടി മുന്നമെ രൂപകല്പന ചെയ്തിട്ടുള്ള പാതയിലൂടെ നടക്കേണ്ടതിനാണെന്ന് നാം മനസ്സിലാക്കും (എഫെ. 2:10). ആ പാതയെയാണ് പൌലൊസ് തന്റെ ജീവിതത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ഉദ്ദേശ്യം എന്നു വിളിക്കുന്നത്. നാം അവിടുത്തെ കൃപ പ്രാപിക്കുന്നതുകൊണ്ട് തൃപ്തിപ്പെടുകയും, എന്നാൽ അവിടുത്തെ ഹിതം നമ്മുടെ ജീവിതങ്ങളിൽ നിറവേറ്റപ്പെടുന്നതിനായി ഏല്പിച്ചു കൊടുക്കുകയും ചെയ്തിട്ടില്ലെന്നു വരും. അപ്പോൾ നാം എത്ര തികഞ്ഞ സുവിശേഷ താല്പര്യമുള്ളവരായാലും അതു കാര്യമല്ല, നാം ദൈവത്തിന് നിലനിൽക്കുന്ന മൂല്യമുള്ള ഒരു കാര്യവും പൂർത്തീകരിക്കാത്തവരായി നമ്മുടെ ജീവിതത്തിലൂടെ കടന്നുപോകും. തീർച്ചയായും പിശാചിന്റെ ഒന്നാമത്തെ ലക്ഷ്യവും, ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ, ക്രിസ്തുയേശുവിലുള്ള ദൈവകൃപയ്ക്ക് അവരെ അന്ധരാക്കിതീർക്കുകയും, അങ്ങനെ രക്ഷിക്കപ്പെടുന്നതിൽ നിന്ന് അവരെ തടയുകയും ചെയ്യുക എന്നതാണ് (2 കൊരി. 4:4). അവൻ അവിടെ വിജയിച്ചില്ലെങ്കിൽ, അപ്പോൾ അവന്റെ അടുത്ത ലക്ഷ്യം, ഒരു പുതിയ വിശ്വാസിയെ, അവനുവേണ്ടി ദൈവത്തിന് ഒരു നിശ്ചിത പദ്ധതി ഉണ്ടെന്ന കാര്യത്തിന് കുരുടനാക്കി തീർക്കുക എന്നതാണ്. ഈ കാര്യത്തിൽ അവൻ വലിയ ഒരളവിൽ വിജയിച്ചിട്ടുണ്ട്. തങ്ങളുടെ ജീവിതങ്ങളിൽ അവരെടുക്കുന്ന വലിയ തീരുമാനങ്ങളിൽ പോലും അല്പമെങ്കിലും പരമാർത്ഥതയോടെ ഒരിക്കലും ദൈവത്തെ അന്വേഷിക്കാത്ത ആയിരക്കണത്തിന് സത്യവിശ്വാസികളുണ്ട്.

ഫിലിപ്യർക്ക് എഴുതിയ ലേഖനത്തിലെ ഈ വേദഭാഗത്തു ക്രിസ്തീയ ജീവിതം ചിത്രീകരിക്കപ്പെട്ടിരിക്കുന്നത് തുടർമാനം മുന്നോട്ട് ആയേണ്ട ഒന്നായിട്ടാണ്. ഭൂമിയിൽ നേടാവുന്ന ഏതളവിലുള്ള ആത്മീയ പക്വതയും നിരന്തരമായ ഈ തിടുക്കത്തിന്റെ ആവശ്യത്തിൽ നിന്ന് ഒരിക്കലും നമ്മെ ഒഴിവുള്ളവരാക്കുന്നില്ല. അനേകം വിശ്വാസികളും ഈ പാഠം അവഗണിച്ചിരിക്കുന്നതിനാലാണ് അവർക്കു ജീവനുള്ള സാക്ഷ്യം ഇല്ലാത്തത്. അവരുടെ ഏക സാക്ഷ്യം ബന്ധപ്പെട്ടിരിക്കുന്നത്. വിദൂര ഭൂതകാലത്തിലെ ഒരനുഗ്രഹീത ദിനത്തിൽ ഏതോ ഒരു സുവിശേഷ യോഗത്തിൽ ഒരുപക്ഷേ അവർ അവരുടെ കരങ്ങൾ ഉയർത്തിയതോ ഒരു തീരുമാന കാർഡ് പൂരിപ്പിച്ചതോ ആയ അനുഭവമായിട്ടായിരിക്കാം. അത് അത്ഭുതകരമായിരുന്നു. എന്നാൽ അതിനുശേഷം ഒന്നും സംഭവിച്ചിട്ടില്ല! സദൃശ. 24:3034ൽ പാഴ്നിലമായിപോയ ഒരു തോട്ടത്തിന്റെ ചിത്രത്തിൽ, താൻ രക്ഷിക്കപ്പെട്ടതിനു ശേഷം ഉദാസനീനനായി തീർന്ന ഒരു മനുഷ്യന്റെ അവസ്ഥയെ വിശദീകരിക്കുന്നു. ഒരു തോട്ടത്തിന് നിരന്തരമായ കള പറിക്കലും പരിചരണവും ആവശ്യമുണ്ട്. അത് കളകളിൽ നിന്നും കീടങ്ങളിൽ നിന്നും സംരക്ഷിക്കപ്പെടേണ്ടതാണെങ്കിൽ മനുഷ്യാത്മാവിന്റെ കാര്യത്തിലും അതുപോലെ തന്നെ ചെയ്യണം.

ദൈവത്തിന്റെ ഉദ്ദേശ്യം മനസ്സിലാക്കുന്നതും അത് നേടേണ്ടതിനായി മുന്നോട്ട് ആയുക എന്നതും ആത്മീയ ശ്രേഷ്ഠന്മാർക്ക് മാത്രമായി അവർക്കിഷ്ടമുണ്ടെങ്കിൽ ചെയ്യേണ്ടിയ ഒരു പ്രത്യേക കാര്യമല്ല. ഇത് ഓരോ ദൈവപൈതലിന്റെയും ജീവിതത്തിന്റെ പ്രത്യേകതയായിരിക്കണം.